# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 336. 01.12.2014 ൽ മറുപടിയ്ക്ക്.

### ഹെൽമറ്റ് ധരിക്കുന്നതിൽ ഇളവ്

| ചോദ്യം<br>ശ്രീ. സി. മോയിൻ കുട്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര ഗതാഗത നിയമപ്രകാരം ഇരുചക്ര വാഹനത്തിൽ പുറകിലിരുന്നു യാത്ര ചെയ്യുന്നവരും ഹെൽമറ്റ് ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഇളവു നൽകിയത് എന്തുകൊണ്ടാണെന്നും, ആരാണ് ഇളവു നൽകിയതെന്നും വ്യക്തമാക്കുമോ ; | (ബി) | 1988 ലെ മോട്ടോർവാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ടർബൻ ധരിച്ച സിക്കു മത വിശ്വാസികളെ ഇരുചക്രവാഹനം ഓടിക്കുമ്പോഴോ പുറകിലിരുന്ന് യാത്ര ചെയ്യുമ്പോഴോ ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 347(എ) പ്രകാരം കേരളത്തിൽ ഇരുചക്രവാഹനത്തിന്റെ പുറകിലിരുന്ന് യാത്ര ചെയ്യുന്ന ആളിന് ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ നിന്നും സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗികവശവും കണക്കിലെടുത്താണ് ഇത്തരം ഒരു ഇളവ് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇതേ മാനദണ്ഡപ്രകാരം ആരോഗ്യ കാരണങ്ങളാൽ ഹെൽമറ്റ് ധരിക്കാൻ ആവാത്തവർക്കുകൂടി നിബന്ധനയിൽ ഇളവു നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | പുറകിലിരുന്ന് യാത്ര ചെയ്യുന്നവർക്ക് അനുവദിച്ചിട്ടുള്ള ഇളവ് ഇരുചക്രവാഹനം ഓടിക്കുന്നവർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.